നം. സി.ഇ.ഇ/2424/09/സി.എ.പി.-2010/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## 2010 ലെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ്

[G.O.(Ms)No.138/2010/H.Edn. dated 02.07.2010]

2010 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് 29.06.2010 ന് പ്രസിദ്ധീകരിച്ചു.

മൂന്നാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **05.07.2010** ന് ആരംഭിക്കുന്നതാണ്. മൂന്നാം ഘട്ട അലോട്ടുമെന്റിൽ വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും ആർക്കിടെക്ച്ചർ കോഴ്സിലേയ്ക്ക് പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും **05.07.2010 മുതൽ 08.07.2010 വരെ www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. **08.07.2010** വൈകുന്നേരം 5 മണി വരെ നിലവിലുള്ള ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **11.07.2010** ന് **മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.** മൂന്നാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഫീസ്/അധിക ഫീസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ **ജൂലൈ 12, 13** തീയതികളിൽ ഒടുക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ബി.ആർക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് മൂന്നാം ഘട്ട അലോട്ടുമെന്റിൽ ഈ കോഴ്സിലേയ്ക്കുള്ള ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. **ബി.ആർക്. (AR)** കോഴ്സിലേയ്ക്ക് ഓപ്ഷൻ നൽകാവുന്ന കോളേജുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം **(TVE)**
2. ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം **(TKM)**
3. ഗവ. എഞ്ചിനീയറിംഗ് കോളേജ്, തൃശൂർ **(TCR)**
4. എം.ഇ.എസ്. എഞ്ചിനീയറിംഗ് കോളേജ്, കുറ്റിപ്പുറം, മലപ്പുറം **(MES)**
5. ദേവകി അമ്മാസ് ഗുരുവായൂരപ്പൻ കോളേജ് ഓഫ് ആർക്കിടെക്ചർ, ചേലമ്പ്ര, മലപ്പുറം **(DGR)**

**രണ്ടാം ഘട്ട അലോട്ട്മെന്റിൽ ലഭിച്ച അലോട്ട്മെന്റ് തൃപ്തികരമാണെങ്കിൽ അവരവരുടെ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷൻ റദ്ദ് ചെയ്യാനുള്ള അവസരം വിദ്യാർത്ഥികളുടെ ഹോം പേജിലൂടെ മാത്രമേ ലഭ്യമാവുകയുള്ളൂ.**

ഒന്ന്/രണ്ട്/മൂന്ന് ഘട്ട അലോട്ടുമെന്റുകൾ പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ടുമെന്റ് ലഭിച്ച് ഫീസ് ഒടുക്കിയതിനുശേഷം അലോട്ടുമെന്റ് ക്യാൻസൽ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള പ്രൊഫോർമ പൂരിപ്പിച്ച്, **17.07.2010 ന്** വൈകുന്നേരം 5 മണിക്കു മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അലോട്ടുമെന്റ് ക്യാൻസൽ ചെയ്യുന്നവരുടെ നിലവിലുള്ള അലോട്ടുമെന്റും എല്ലാ ഹയർ ഓപ്ഷനുകളും റദ്ദ് ചെയ്യുന്നതാണ്.

ഫാക്സ് മുഖേന ലഭിക്കുന്ന അലോട്ടുമെന്റ് ക്യാൻസൽ ചെയ്യാനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല. **17.07.2010** നുശേഷം ഒരു കാരണവശാലും സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേക്കുള്ള അലോട്ടുമെന്റ് ക്യാൻസലേഷൻ അനുവദിക്കുന്നതല്ല.

| | |
|---|---|
| 05.07.2010<br>(രാവിലെ 10 മണി മുതൽ) | മൂന്നാം ഘട്ട അലോട്ടുമെന്റിലേക്ക് ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനുള്ള വെബ്സൈറ്റ് സജ്ജമാകുന്നു |
| 08.07.2010<br>(വൈകുന്നേരം 5 മണി വരെ) | ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു |
| **11.07.2010** | **മൂന്നാം ഘട്ട അലോട്ടുമെന്റ്** |
| 12.07.2010 & 13.07.2010 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/അധിക ഫീസ് ഒടുക്കണം |
| 17.07.2010<br>(വൈകുന്നേരം 5 മണി വരെ) | സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ടുമെന്റ് ക്യാൻസൽ ചെയ്യാനുള്ള അവസാന തീയതി. |

കുറിപ്പ്:- നാലാം ഘട്ട അലോട്ടുമെന്റിനുശേഷം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് അലോട്ടുമെന്റ് ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ദേവകി അമ്മാസ് ഗുരുവായൂരപ്പൻ കോളേജ് ഓഫ് ആർക്കിടെക്ചർ, ചേലമ്പ്ര, മലപ്പുറം **(DGR)** എന്ന സ്ഥാപന ത്തിലെ ആർക്കിടെക്ചർ **(AR)** കോഴ്സിലേക്ക് തുടർന്നും പ്രവേശന പരീക്ഷാ കമ്മീഷണ റുടെ അലോട്ടുമെന്റ് ഉണ്ടായിരിക്കുന്നതാണ്.

വിദ്യാർത്ഥികൾക്ക് സൗജന്യമായി ഓപ്ഷനുകൾ ക്രമീകരിക്കുന്നതിന് ഇന്റർനെറ്റ് സൗകര്യമുള്ള **ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളും** (OFC) **ഹെൽപ്പ് ഡസ്കുകളും** (HD) സംസ്ഥാനത്തുടനീളം ഇക്കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇവയുടെ വിശദമായ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

*അലോട്ടുമെന്റിനേയും ഫീസ് ഒടുക്കുന്നതിനേയും സംബന്ധിച്ച ആധികാരിക വിവരങ്ങൾ അറിയുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ **cee-kerala.org** സന്ദർശിക്കേണ്ടതാണ്. അലോട്ട്മെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി **0471 - 2115311, 2115312, 2115313, 2115314** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്ന താണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
02.07.2010